**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

## പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ കേസ്സുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :158** | **28/11/2018-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.അൻവർ സാദത്ത്**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ 347 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; |
| (ബി) | മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (ബി) | മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് സേനയിലെ 9 ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടക്കുന്നുണ്ട് |
| (സി) | ഇത്തരം കേസുകളിൽ ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | പോലീസിന്റെ മനുഷ്യാവകാശ ലംഘനപരമായ നടപടികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം പോലീസിന്റെ ഭാഗത്തുനിന്നും ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം സർക്കുലർ പ്രകാരം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി പബ്ലിക് റിലേഷൻസ് ഓഫീസർക്ക് പുറമേ റിസപ്ഷൻ സംവിധാനം വനിതാ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ